Office of the Chief Engineer, Thiruvananthapuram
28.09.15
CE
DCE
EE
AEE
AE
JS

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതിക അനുമതി നൽകുന്നതിനും, പൊതുമരാമത്ത് വകുപ്പ്, കേരള സംസ്ഥാന വിദ്യുത്ശക്തി ബോർഡ് എന്നിവിടങ്ങളിൽനിന്നും വിരമിച്ച എഞ്ചിനീയർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് അനുവാദം നൽകിയിരുന്നത് - നിബന്ധനകൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം.2878/2015/തസ്വഭവ. തീയ്യതി, തിരുവനന്തപുരം, 22-09-2015.

---

പരാമർശം 1 സ.ഉ. (സാധാ) നം. 3033/2014/തസ്വഭവ. തീയ്യതി 21-11-2014.

2 അധികാര വികേന്ദ്രീകരണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 14-01-2015-ലെ 2.2-ാം നമ്പർ തീരുമാനം.

## ഉത്തരവ്

ത്രിതല പഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുവാൻ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിംഗിന് സാധിക്കാതെ വരുന്ന സാഹചര്യം കണക്കിലെടുത്ത് പകരം സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അപ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ നിബന്ധനകൾ നടപ്പാക്കുന്നതിലെ പ്രായോഗിക വിഷമതകൾ കണക്കിലെടുത്തും, പ്രവൃത്തിയുടെ നിർവഹണം കൂടുതൽ കാര്യക്ഷമവും, സുതാര്യവും, സുഗമവുമാക്കുന്നതിനായും, പരാമർശിത ഉത്തരവിലെ 3-ാം ഖണ്ഡികയിലെ നിബന്ധനകൾ താഴെപ്പറയും പ്രകാരം പരിഷ്കരിക്കുന്നു.

2. പഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും പി.ഡബ്ല്യൂ.ഡി., കെ:എസ്.ഇ.ബി., എന്നിവിടങ്ങളിൽനിന്നും വിരമിച്ച യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കേണ്ടതാണ്. ഈ പാനലിൽനിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയം ഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവ പ്രസ്തുത എഞ്ചിനീയറുടെ ഉത്തരവാദിത്വമായിരിക്കും. പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ 3 ശതമാനത്തിൽ കവിയാത്ത തുക പ്രതിഫലമായി എഞ്ചിനീയർക്ക് നൽകാവുന്നതാണ്. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി, വർക്കുകളുടെ ചെക്ക് മെഷർമെന്റ് എന്നിവ ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി മൂന്നിൽ കുറയാതെയുള്ള പി.ഡബ്ല്യൂ.ഡി., കെ.എസ്.ഇ.ബി., എന്നിവിടങ്ങളിൽനിന്നും വിരമിച്ച ഇലക്ട്രിക്കൽ എഞ്ചിനീയർമാർ അംഗങ്ങളായ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. പ്രസ്തുത

കമ്മിറ്റിയിലെ ഇലക്ട്രിക്കൽ എഞ്ചിനീയർമാർ പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തേണ്ടതും പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തേണ്ടതുമാണ്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതിക അനുമതി നൽകേണ്ടതും ബില്ലിന് അനുമതി നൽകേണ്ടതുമാണ്. പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവർക്ക് എസ്റ്റിമേറ്റ് തുകയുടെ ഒരു ശതമാനം ഓണറേറിയം ആയി നൽകേണ്ടതുമാണ്. ഇപ്രകാരം പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽനിന്നും ഒരു "ടേംസ് ഓഫ് റഫറൻസ്" (ToR) നൽകി സമ്മതപത്രം വാങ്ങേണ്ടതുമാണ്.

3. പരാമർശം 1-ലെ ഉത്തരവ് മേൽപരിഷ്കരിച്ച പ്രകാരം നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമേശൻ. എം.കെ,**
ഗവ. ഡെപ്യൂട്ടി സെക്രട്ടറി.

1 ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
4 എല്ലാ ജില്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും (തസ്വഭവ. ചീഫ് എഞ്ചിനീയർ മുഖേന)
5 എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും, അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും (തസ്വഭവ. ചീഫ് എഞ്ചിനീയർ മുഖേന)
6 എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
7 എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
9 അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ) കേരള, തിരുവനന്തപുരം
10 ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
11 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം (തസ്വഭ. വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
12 വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രചരണത്തിന്)
13 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

പകർപ്പ്:

1. ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
2. തസ്വഭവ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സിന്
3. സ.ഉ. (സാധാ) നം. 3033/2014/തസ്വഭവ. തീയതി 21-11-2014. ന്റെ തീർപ്പ് ഫയലിലേക്ക്
4. തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പിന്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ